(ഡി) തപസ്യ, വിസ്മയ എന്നീ രണ്ട് കെട്ടിടങ്ങൾ പൂർണ്ണ പ്രവർത്തന ക്ഷമത എത്തുമ്പോൾ ഏകദേശം 5.45 കോടി രൂപ പ്രതിവർഷം വാടക കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു.

സ്മാർട്ട് സിറ്റി പദ്ധതി

39 [120] *ശ്രീ. വി. ഡി. സതീശൻ:*

„ *ജോർജ് ജെ. മാത്യു:*

„ *വർക്കല കഹാർ:*

ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റി പദ്ധതിയുമായി ഗവൺമെന്റിനെ സമീപിച്ചിട്ടുള്ള ദുബായ് ഇന്റർനെറ്റ് സിറ്റി സഹകാര്യ കമ്പനിയാണോ; ആണെങ്കിൽ വിശദാംശം നൽകുമോ;

(ബി) അത് സഹകാര്യ കമ്പനിയല്ലെങ്കിൽ അത് സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) സ്മാർട്ട് സിറ്റിക്ക് കൈമാറാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന് ഏക്കറിന് 3.5 കോടി രൂപ വിലയുണ്ടെന്ന പ്രതിപക്ഷ നേതാവിന്റെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സ്മാർട്ട് സിറ്റിക്കു കൈമാറുന്ന സ്ഥലം എപ്രകാരമുള്ളതാണെന്ന് പറയുമോ;

(ഇ) സ്മാർട്ട് സിറ്റിക്ക് സൗജന്യമായി കൊടുക്കാമെന്ന് പറഞ്ഞിട്ടുള്ള സ്ഥലത്തിന് റവന്യൂ വകുപ്പ് നിശ്ചയിച്ചിട്ടുള്ള വില എത്രയാണ്;

(എഫ്) സൗജന്യമായി അല്ലാതെ സ്മാർട്ട് സിറ്റിക്ക് കൊടുക്കുന്ന ഭൂമിയുടെ വില വഹിക്കുന്നതാരാണെന്നറിയിക്കുമോ?

ഉത്തരം

(എ) ദുബായ് ഇന്റർനെറ്റ് സിറ്റി ഒരു സഹകാര്യ കമ്പനിയല്ല.

(ബി) ദുബായ് സർക്കാരിന്റെ പരിപൂർണ്ണ ഉടമസ്ഥതയിലുള്ളതും ദുബായ് സർക്കാരിന്റെ ദുബായ് ടെക്നോളജി, ഇലക്ട്രോണിക്സ്, കോമേഴ്സ് ആന്റ് മീഡിയ ഫ്രീ സോൺ അതോറിറ്റി ലാ യുടെ ലാ നമ്പർ 1/2000 മുഖേന രൂപീകരിച്ചിട്ടുള്ളതുമായ ദുബായ് ടെക്നോളജി ഇലക്ട്രോണിക്സ്, കോമേഴ്സ് ആന്റ് മീഡിയ (TECOM) എന്ന സ്ഥാപനമാണ് സ്മാർട്ട് സിറ്റി പദ്ധതിയിൽ പണം മുടക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ദുബായ് ഇന്റർനെറ്റ് സിറ്റി, മീഡിയാസിറ്റി, നോളജ് വില്ലേജ് എന്നിവ TECOM-നു കീഴിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളാണ്. TECOM-ന്റെ ഡയറക്ടർ ജനറൽ തന്നെയാണ് ഡി.ഐ.സി. യുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ റവന്യൂ അധികൃതരുടെ വാല്യുവേഷൻ അനുസരിച്ചും മതിപ്പുവിലയനുസരിച്ചും ഈ ഭൂമിക്ക് ഒരു ഏക്കറിന് ഏകദേശം 25 ലക്ഷം രൂപ വില വരുമെന്ന് കണക്കാക്കിയിരിക്കുന്നു.

(ഡി) ബ്രഹ്മപുരത്ത് വൈദ്യുതി ബോർഡിന്റെ ഉടമസ്ഥതയിലുള്ള 100 ഏക്കർ സ്ഥലം സൗജന്യമായി നൽകാൻ ഉദ്ദേശിക്കുന്നു. ഇതിൽ 30% ത്തോളം സ്ഥലം താഴ്ന്നുകിടക്കുന്ന നിലമാണ്. കൂടാതെ ഇൻഫോപാർക്കിന്റെ 62.27 ഏക്കർ സ്ഥലവും സ്ഥാവര വസ്തുക്കളും ചേർത്ത് 109 കോടി രൂപ വിലയ്ക്കും, ഇൻഫോപാർക്കിനു കിഴക്കുവശത്ത് 136 ഏക്കർ ഇപ്പോൾ അക്വിസേഷൻ നടപടിയിലിരിക്കുന്ന സ്ഥലവുമാണ് നൽകുന്നത്.

(ഇ) 20 കോടി രൂപ.

(എഫ്) വില പൂർണ്ണമായും വഹിക്കുന്നത് TECOM ആണ്.

കൊച്ചി വികസന സമിതി രൂപീകരണം

410 [122] *പ്രൊഫ. കെ. വി. തോമസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി ചെയർമാനായ കൊച്ചി വികസന സമിതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സമിതിയുടെ ഘടന എന്താണ്;

(സി) ഏതൊക്കെ വികസന പരിപാടികളാണ് ഈ സമിതി ഏറ്റെടുക്കുന്നത്?

ഉത്തരം

(എ) ഉണ്ട്.

(ബി) കൊച്ചി നഗര വികസനത്തിനായി മുഖ്യമന്ത്രി ചെയർമാനായി രൂപീകരിച്ചിട്ടുള്ള ക്യാബിനറ്റ് സബ് കമ്മിറ്റിയുടെയും ചീഫ് സെക്രട്ടറി ചെയർമാനായ ഉദ്യോഗസ്ഥന്മാരുടെ ഒരു എംപവേർഡ് കമ്മിറ്റിയുടെയും ഘടന സംബന്ധിച്ച് 28-4-2005-ലെ സ. ഉ. (എം.എസ്.) നമ്പർ 118/05/തസ്വഭവ. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly